# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഷോളയൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PKD.9-610/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 20/04/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഷോളയൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഷോളയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഷോളയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.PKD.9-610/2023 തീയ്യതി: 20/04/2023

## പാലക്കാട് ജില്ലയിലെ ഷോളയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ഷോളയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-06-2022 മുതൽ 04-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| പി.എസ്.സാബു | ഡെപ്യൂട്ടി ഡയറക്ടർ | 06-03-2023 | 15-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-03-2023 | 15-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

റോബർട്ട്.ക.ജി. ഓഡിറ്റ് ഓഫീസർ

ഷർഫുദ്ദീൻ.എസ്.എച്ച്. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

മോഹനൻ.കെ.എ.ഓഡിറ്റർ

സന്ദീപ്.കെ.വി. ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.വി രാമമൂർത്തി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ഷാജൻ.വിഎ | സെക്രട്ടറി | 01-04-2021 | 05-07-2021 |
| ശ്രീ.ബിജുകുമാർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-07-2021 | 12-07-2021 |
| ശ്രീ.ലാൽ.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-09-2021 | 07-10-2021 |
| | | 13-07-2021 | 21-07-2021 |
| ശ്രീ.ലിജോ ജോൺ | സെക്രട്ടറി | 22-07-2021 | 23-09-2021 |
| ശ്രീ.കൃഷ്ണകുമാർ .സിഎസ് | സെക്രട്ടറി | 08-10-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ബിജു കുമാർ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 12-07-2021 |
| ശ്രീ.ലാൽ.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 13-07-2021 | 31-03-2022 |
| ശ്രീ.രാജേഷ്.കെ.ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ.ജയകുമാർ.വി.എൽ | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2021 | 31-03-2022 |
| ഡോ.ശ്രീജ.ജെ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ശ്രീ.ഈശ്വരൻ.എം | ഹെഡ് മാസ്റ്റർ | 01-04-2021 | 30-11-2021 |
| ശ്രീ.ഷംസുദ്ദീൻ | ഹെഡ് മാസ്റ്റർ | 01-12-2021 | 31-03-2022 |
| ശ്രീമതി.ഷീബ സി.കെ | ഐ.സി.ഡി എസ്.സൂപ്പർവൈസർ | 01-04-2021 | 14-11-2021 |
| ശ്രീമതി.ധന്യ.ടി.എസ്സ് | ഐ.സി.ഡി എസ്.സൂപ്പർവൈസർ | 15-11-2021 | 31-03-2022 |
| ശ്രീ.രഞ്ജിത്ത്.ഒ.കെ | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീ.പ്രസീദ്.എം. | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീ.അഭിജിത്ത്.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ഡോ.മറിയ ലൂക്കോസ് | വെറ്ററിനറി സർജ്ജൻ | 01-04-2021 | 16-09-2021 |
| ഡോ.അരുണ | വെറ്ററിനറി സർജ്ജൻ | 17-09-2021 | 31-03-2022 |
| ശ്രീമതി.ശെൽവി എ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷികക്കണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം | 1-10 |
| 12 | തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല | 1-11 |
| 13 | വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല. | 1-12 |
| 14 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ, ലൈസൻസ് ഡിമാന്റ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. | 1-13 |
| 15 | രശീത് ബുക്ക് കളക്ഷൻ രജിസ്റ്റർ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ | 1-14 |
| 16 | കറവപ്പശു വിതരണം - രണ്ട് നിരക്കിൽ കറവ പശുകളെ വാങ്ങിയിരിക്കുന്നു | 1-15 |
| 17 | ഷോളയൂർ മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - കാലാവധി കഴിഞ്ഞ മരുന്ന് സ്റ്റോക്കിൽ സൂക്ഷിച്ചിരിക്കുന്നു | 1-16 |
| 18 | തെരുവ് വിളക്കുകൾ/മിനിമാസ്റ്റ് സ്ഥാപിക്കൽ - മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല | 1-17 |
| 19 | പൗർണ്ണമി കുടുംബശ്രീ ജനകീയ ഹോട്ടലിന് നൽകിയ മുൻകൂർ ക്രമീകരിച്ചിട്ടില്ല | 1-18 |
| 20 | ഐ കെ എമ്മിന് അടക്കേണ്ട വിഹിതം - വിനിയോഗ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല | 1-19 |
| 21 | ഗ്രാമപഞ്ചായത്ത് കുടിവെള്ള പദ്ധതിക്ക് മോട്ടോർ വാങ്ങൽ - അപാകങ്ങൾ പരിഹരിക്കേണ്ടതാണ് | 1-20 |
| 22 | വിവിധ അങ്കണവാടികളുടെ വയറിംഗ് വൈദ്യുതീകരണം - വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല | 1-21 |

| | | |
|---|---|---|
| 23 | മുറിച്ച് മാറ്റിയിട്ടുള്ള മരങ്ങളുടെയും ചില്ലകളുടെയും വാല്യുവേഷൻ എടുത്തിട്ടില്ല | 1-22 |
| 24 | ഹരിത കർമ്മസേനയുടെ പ്രവർത്തനം - അവലോകനം | 1-23 |
| 25 | ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല – തുടർ നടപടി സ്വീകരിക്കേണ്ടതാണ് | 1-24 |
| 26 | ന്യൂട്രീമിക്സ് വാങ്ങൽ - ജി.എസ്.ടി ടി.ഡി.എസ് നടത്താതെ തുക അനുവദിച്ചു | 1-25 |
| 27 | കോക്ലിയർ ഇംപ്ലാന്റേഷൻ അനന്തര സഹായം - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-26 |
| 28 | കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റലും പുതിയ തൈകൾ വെച്ച് പിടിപ്പിക്കലും - ഗുണഭോക്തൃ വിഹിതം ഈടാക്കാതെ തൈകൾ വിതരണം ചെയ്തിരിക്കുന്നു | 1-27 |
| 29 | തെങ്ങിന് രാസവളം - ഇൻവോയ്സുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല | 1-28 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക് സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22വർഷത്തെ ബജറ്റ് 18-02-2021 തിയതിയിലെ 1/1തീരുമാനപ്രകാരം അംഗീകരിച്ചു. 23.3.2022 തിയതിയിലെ 4/1തീരുമാനപ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്.
ബഡ്ജറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 4,40,41,984.00 |
| വരവ് | 42,03,26,200.00 |
| ആകെ | 46,43,68,184.00 |
| ചെലവ് | 45,78,74,850.00 |
| നീക്കിബാക്കി | 64,93,334.00 |

### 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2021-22 | 31-7-2022 | 22-08-2022 | - | - |

വാർഷിക ധനകാര്യപത്രിക സമയബന്ധിതമായി സമർപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2-1 വാർഷികക്കണക്കിലെ അപാകതകൾ

1) വികസനഫണ്ട് ജനറൽ വരവ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം 42028407യും വാർഷിക ധനകാര്യപത്രിക പ്രകാരം 39811983/-യും ആണ്.

2) വികസനഫണ്ട് എസ്.സി.പിയുടെ വരവ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം 3019660യും വാർഷിക ധനകാര്യപത്രിക പ്രകാരം 2986612/-യും ആണ്.

3) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം മെയ്റ്റനൻസ് ഗ്രാന്റ് വരവ് 5216000യും വാർഷിക ധനകാര്യപത്രിക പ്രകാരം 4438127/-രൂപയും ആണ്.
4) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം റോഡ് മെയിന്റനൻസ് ഗ്രാന്റ് വരവ് 11584345യും വാർഷിക ധനകാര്യപത്രിക പ്രകാരം 4963709/-യും ആണ്.

5)തൊഴിലുറപ്പ് പദ്ധതി രജിസ്റ്റർ പ്രകാരമുള്ള മുന്നിരിപ്പ് തുക 36367/-രൂപയാണ്. എന്നാൽ വാർഷിക ധനകാര്യപത്രിക പ്രകാരം 3965/-രൂപയും ആണ്.

6)തൊഴിലുറപ്പ് പദ്ധതി രജിസ്റ്റർ പ്രകാരമുള്ള വരവ് 156568570/- രൂപയും എന്നാൽ വാർഷിക ധനകാര്യപത്രിക പ്രകാരം 149164988/-യും ആണ്.

7)ലയബിലിറ്റി നീക്കിയിരിപ്പ് വിവരം കാണിക്കുന്ന പട്ടിക B-6 വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
8) വികസനഫണ്ട് ടി എസ് പി നീക്കിയിരിപ്പ് തുക അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം 1770227/-രൂപ മൈനസ് ബാലൻസായി കാണിച്ചിരിക്കുന്നു.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 24105831.72 |
| വരവ് | 151995492 |

| | |
|---|---|
| ആകെ | 176101323.72 |
| ചെലവ് | 142842038 |
| നീക്കിയിരിപ്പ് | 33259285.72 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 42028407 | 42028407 | 40390538 | 1637869 | 96.1 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3019660 | 3019660 | 2986612 | 33048 | 98.9 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 24498066 | 24498066 | 26268293 | -1770227 | 107.2 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 5216000 | 5216000 | 4462563 | 753437 | 85.6 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 11584345 | 11584345 | 5320523 | 6263822 | 45.9 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 0 | 12668303 | 12668303 | 11570479 | 548912 | 91.33 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 21056213 | 21056213 | 7545247 | 13510966 | 35.8 |
| എം.എൻ.ആർ.ഇ.ജി.എസ്. | 36367 | 156532203 | 156568570 | 156565541 | 3029 | 99 |
| ലൈഫ് മിഷൻ പദ്ധതി സംസ്ഥാന വിഹിതം(ടി.എസ്.പി) | 0 | 69900000 | 69900000 | 22783900 | 47116100 | 32.6 |
| ലൈഫ് മിഷൻ പദ്ധതി സംസ്ഥാന വിഹിതം(എസ്.സി.പി) | 0 | 2700000 | 2700000 | 2700000 | 0 | 100 |
| ലൈഫ് മിഷൻ പദ്ധതി സംസ്ഥാന വിഹിതം(പൊതു വിഭാഗം) | 0 | 4700000 | 4700000 | 1210000 | 3490000 | 25.74 |

*ACR പ്രകാരമുള്ള വരവ് ചിലവുകൾ ആണ് കൊടുത്തിട്ടുള്ളത്. ഇവ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ഖണ്ഡിക 1-2-1 കാണുക.

കേന്ദ്രാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 4304820 | 698762 | 5003582 | 172193 | 4831389 |
| ശുചിത്വ മിഷൻ TSC | 450006 | - | 450006 | - | 450006 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 6039097 | - | 6039097 | 99725 | 5939372 |
| സമ്പൂർണ്ണ ശുചിത്വം | 0 | 140000 | 140000 | 0 | 140000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 216 | 339418716 | 177 | 125318507 | - | 39 | 81.94 |

നിർവ്വഹണോദ്യോഗസ്ഥർ തൻവർഷം നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | പ്രൊജക്ടുകൾ | നിർവഹണം നടത്തിയത് | നടപ്പിലാക്കാത്തവ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 19 | 19 | - | 11567290 | 8458074 | 73.12 |
| വെറ്ററിനറി സർജ്ജൻ | 8 | 8 | - | 7190000 | 5318000 | 73.96 |
| MO (PHC) | 5 | 4 | 1 | 4420000 | 3384906 | 76.58 |
| MO (AYUR) | 3 | 3 | - | 1300000 | 1300000 | 100 |
| MO (Homeo) | 1 | 1 | - | 100000 | 100000 | 100 |
| Sub Inspector Of Fisheries | 2 | 2 | - | 3072000 | 225203 | 7.33 |
| VEO | 16 | 13 | 3 | 212797075 | 43609000 | 20.49 |
| ICDS | 7 | 6 | 1 | 7494100 | 5601375 | 74.74 |
| DEO | 1 | 1 | - | 2100000 | 2100000 | 100 |
| സെക്രട്ടറി | 35 | 33 | 2 | 19861245 | 17530136 | 88.26 |
| അസി.എൻജി. | 111 | 79 | 32 | 62045976 | 32842303 | 52.93 |
| HM | 3 | 3 | - | 5563500 | 3085680 | 55.46 |
| അസി.സെക്രട്ടറി | 5 | 5 | - | 1907530 | 1763830 | 92.46 |
| ആകെ | 216 | 177 | 39 | 339418716 | 125318507 | 70.41 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഫണ്ടിനം എം.എൻ.ആർ.ഇ.ജി.എസ്. | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| നേരിട്ട് നല്കുന്നത് | 36367 | 1951710 | 1988077 | 1985048 | 3029 |
| EFMS മുഖേന | 0 | 154580493 | 154580493 | 154580493 | 0 |
| ആകെ | 36367 | 156532203 | 156568570 | 156565541 | 3029 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 110000 | 8 |
| 2 | വിധവാ പെൻഷൻ | 14745200 | 948 |
| 3 | വാർദ്ധക്യകാല പെൻഷൻ | 28256000 | 1840 |
| 4 | വികലാംഗ പെൻഷൻ | 886400 | 154 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 80000 | 7 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 6 (4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07-03-2023 തിയ്യതിയിൽ ഉച്ചക്ക് ശേഷം 3 ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10864/- രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.
ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ രസീതികൾ മുഖേന കളക്ട് ചെയ്യുന്ന തുക അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

2021-22 കാലയളവിൽ അക്കൗണ്ടുകളുടെ പ്രതിമാസ റിക്കൺസിലിയേഷൻ കൃത്യമായി നടത്തിയിട്ടില്ല. എല്ലാ അക്കൗണ്ടുകളും പ്രതിമാസ റിക്കൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. വാർഷികകണക്ക് സമയബന്ധിതമായി സമർപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. തനത് ഫണ്ടിൽ നിന്നുള്ള ചെലവുകളിൽ ചെക്ക് അനുവദിക്കുന്ന ദിവസം തന്നെ ഐ എൽ ജി എം എസിൽ ചെലവ് രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തനത് ഫണ്ട് വൗച്ചറുകളിൽ എല്ലാ അനുബന്ധരേഖകളും ഐ എൽ ജി എം എസ് സോഫ്റ്റ്‌വെയറിൽ അപ്‌ലോഡ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.
ബജറ്റ് നടപടിക്രമങ്ങൾ കാര്യക്ഷമമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതുമാണ്. എല്ലാ വരവ് രജിസ്റ്ററുകളുടെയും ഡി സി ബി കൃത്യമായി എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

സംയുക്ത പ്രോജക്റ്റുകൾക്കായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭ്യമായ തുകയിൽ ചെലവഴിക്കാതെ ബാക്കി നിൽക്കുന്ന തുക തിരിച്ചടക്കേണ്ടതാണ്.

അസി.എഞ്ചിനീയറുടെ ഫയലുകളിൽ എല്ലാ രേഖകളും ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്. ടെണ്ടർ ഫോം വില തനതു ഫണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22-04-2022 | 12/2020 &1/2022 | 23.4.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5-5-2014മുതൽ 13-5-2014വരെ | 2009-10-2013-14 | 15-7-2014 |

## 1-11 തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽ നികുതിയും, സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപനതൊഴിൽ നികുതിയും ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത്തിന്റെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(A) താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | കാലയളവ് |
|---|---|---|
| 1 | ബ്രാഞ്ച് പോസ്റ്റ് ഓഫീസ്, മട്ടത്തുകാട് | രണ്ടാം അർദ്ധ വർഷം |

(B) താഴെ പറയുന്ന അംഗീകൃത കരാറുകാരിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് (AE യുടെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം തയ്യാറാക്കിയത്) |
|---|---|
| 1 | എൻ. നാരായണൻ |
| 2 | ടി. ശെൽവരാജ് |
| 3 | എം.വി. സുധാകരൻ |
| 4 | വി. ചിന്നസ്വാമി |
| 5 | എം. നാഗരാജ് |
| 6 | എം. കനകരാജ് |
| 7 | വിഷ്ണു പ്രസാദ്. എസ്. |
| 8 | മുഹമ്മദ് നിഷാദ്. എം. |
| 9 | ജെമി ബെന്നി |
| 10 | ഹാൻസൺ. പി.വി. |
| 11 | അനിൽകുമാർ. സി.വി. |
| 12 | കെ.ഡി. ഗിരിദാസ് |
| 13 | നേസമണി. ജെ. |
| 14 | അരുൺ മോഹനൻ |
| 15 | രാജേന്ദ്രൻ. ബി. |
| 16 | നാഗരാജ്. വി. |
| 17 | സുരേഷ്ബാബു. ആർ. |
| 18 | പി.ജി. ബാബു |
| 19 | സംജിത്ത്ഖാൻ |
| 20 | ജിജി. പി. മഞ്ഞൂരാൻ |
| 21 | പി. ഉണ്ണികൃഷ്ണൻ |
| 22 | ജംഷീർ. എൻ |
| 23 | കെ.എൻ. ശശീന്ദ്രൻ |

(C) പഞ്ചായത്ത് പരിധിയിലെ പൊതു വിതരണ സമ്പ്രദായത്തിനു കീഴിൽ പ്രവർത്തിക്കുന്ന റേഷൻ കട ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

(D) ലൈസൻസ് അനുവദിച്ചിട്ടുള്ള താഴെ പറയുന്ന സ്വകാര്യസ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ/പേര് | സ്ഥാപനം |
|---|---|---|
| 1 | 1/736 ഈശ്വരൻ S/o രങ്കസ്വാമി | കാലിത്തീറ്റ വിപണനം |
| 2 | 1/428 -C ബിബിൻ പി. ഷാജു | ഹരിത ഫാർമസ്യൂട്ടിക്കൽസ് |
| 3 | 111/397 കനകരാജ് S/o നടേശമുതലിയാർ | പലചരക്ക് വ്യാപാരം |
| 4 | X/63 ദീപ. കെ.വി. | ആയുർവ്വേദ മരുന്ന് സ്റ്റോക്ക് ചെയ്യുന്നതിന് |
| 5 | XII/646 സന്തോഷ്. പി.എ. | ഹരിത ഫാർമസ്യൂട്ടിക്കൽസ് |
| 6 | XII/168 സുജനപാൽ. എം.ആർ. | സ്വീറ്റ്സ് തയ്യാറാക്കി വിൽപ്പന നടത്തുന്നതിന് |

(E) താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | കാലയളവ് |
|---|---|---|
| 1 | ഡിപ്പോ മാനേജർ, Supplyco | രണ്ടാം അർദ്ധ വർഷം |
| 2 | ഷോളയൂർ ക്ഷീരോത്പാദക സഹകരണ സംഘം | രണ്ടാം അർദ്ധ വർഷം |

തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം : 2/08-03-2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കേണ്ടതും, ആയതിന്റെ രശീത് പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-12 വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല.

സഞ്ചയയിലെ നിലവിലെ ഡാറ്റാ പ്രകാരം പഞ്ചായത്ത് പരിധിയിൽ 9 മൊബൈൽ ടെലിഫോൺ ടവറുകൾ പ്രവർത്തിച്ച വരുന്നുണ്ട്. സഞ്ചയയിലെ അസ്സസ്സ്മെന്റ് പ്രകാരം വസ്തു നികുതി കുടിശ്ശിക വരുത്തിയ ടെലിഫോൺ ടവറിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിടം നം | ഉടമയുടെ പേര് | കുടിശ്ശികയായ വർഷം | നികുതി കുടിശ്ശിക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | (സഞ്ചയയിൽ ലഭ്യമായ വിവരം ) | | |
| 1 | 2/228/B | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 2017-18 രണ്ടാം അർദ്ധ വർഷം മുതൽ 2021-22 വരെ | 5670/- (5400 + 270) അർദ്ധ വർഷം |
| 2 | 12/147 | റിലയൻസ് മൊബൈൽ | 2013-14 ഒന്നാം അർദ്ധ വർഷം മുതൽ 2021-22 രണ്ടാം അർദ്ധ വർഷം വരെ | 1015/- (967 + 48) അർദ്ധ വർഷം |
| 3 | 12/149 | റിലയൻസ് ചാർജ് റൂം | 2013-14 ഒന്നാം അർദ്ധ വർഷം മുതൽ 2021-22 രണ്ടാം അർദ്ധ വർഷം വരെ | 1108/- (1055 + 53) അർദ്ധ വർഷം |

വസ്തു നികുതി കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണം : 3/08-03-2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതും, ഈടാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതുമാണ്.

## 1-13 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റും സേവനങ്ങൾക്കും ലൈസൻസ് നൽകൽ, ലൈസൻസ് ഡിമാന്റ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റും സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 2021-22 വർഷത്തിൽ ലൈസൻസ് അനുവദിച്ചത് ക്രമപ്രകാരമാണോ എന്ന് പരിശോധിക്കുന്നതിനായി വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ മാത്രമാണ് പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളത്. ലൈസൻസ് ഡിമാന്റ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. ലൈസൻസ് ഡിമാന്റ് രജിസ്റ്റർ ഹാജരാക്കാത്തതിനാൽ ലൈസൻസ് ഫീ ഇനത്തിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

ലൈസൻസ് ഡിമാന്റ് രജിസ്റ്റർ ഹാജരാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണം : 4/09-03-2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-14 രശീത് ബുക്ക് കളക്ഷൻ രജിസ്റ്റർ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

| ക്രമ നം. | രശീത് ബുക്ക് | കൈപ്പറ്റിയ ഓഫീസർ / തിയതി | അപാകതകൾ |
|---|---|---|---|
| 1 | 16308 | കൃഷി ഓഫീസർ/10-03-2022 | രശീത് ബുക്കിലും, കളക്ഷൻ രജിസ്റ്ററിലും തിയതി രേഖപ്പെടുത്തുന്നില്ല. |

| | | | |
|---|---|---|---|
| | | | കളക്ഷൻ രജിസ്റ്ററിൽ അതാതു പേജിൽ ആകെ തുക, അടവാക്കിയ തിയതി, രശീത് നമ്പർ എന്നിവ രേഖപ്പെടുത്തുന്നില്ല. തുക അടവാക്കിയതിന്റെ രശീത് അറ്റാച്ച് ചെയ്യുന്നില്ല. |
| 2 | 16309 | കൃഷി ഓഫീസർ/31-03-2022 | രശീത് ബുക്കിലും, കളക്ഷൻ രജിസ്റ്ററിലും തിയതി രേഖപ്പെടുത്തുന്നില്ല. കളക്ഷൻ രജിസ്റ്ററിൽ അതാതു പേജിൽ ആകെ തുക, അടവാക്കിയ തിയതി, രശീത് നമ്പർ എന്നിവ രേഖപ്പെടുത്തുന്നില്ല. തുക അടവാക്കിയതിന്റെ രശീത് അറ്റാച്ച് ചെയ്യുന്നില്ല. |
| 3 | രശീത് ബുക്ക് കൈപ്പറ്റിയിട്ടില്ല | കൃഷി ഓഫീസർ | രശീത് ബുക്ക് 16309 മുഴുവൻ രശീതും ഉപയോഗിച്ചതിനു ശേഷം, പുതിയ രശീത് ബുക്ക് കൈപ്പറ്റാതെ (രശീത് ബുക്ക് 16309 ഉൽപ്പെടെ) വീണ്ടും 160 ഗുണഭോക്താക്കളിൽ നിന്നുമായി ആകെ 1,44,875/- രൂപ കളക്റ്റ് ചെയ്യുകയും, 31-03-2022 ന് രശീത് നമ്പർ 1210101821 പ്രകാരം അടവാക്കുകയും ചെയ്തിട്ടുണ്ട്. (കളക്ഷൻ രജിസ്റ്ററിൽ ഗുണഭോക്താക്കളുടെ പേരും, കളക്ഷൻ തുകയും മാത്രം രേഖപ്പെടുത്തിയിരിക്കുന്നു). |

ഓഡിറ്റ് അന്വേഷണം : 20/13-03-2023 ന് നൽകിയ മറുപടിയിൽ ക്രമ നമ്പർ 1, 2 ൽ തുടർന്നുള്ള പദ്ധതി നടത്തിപ്പ് പ്രവർത്തനങ്ങളിൽ മേൽപ്പറഞ്ഞ കാര്യങ്ങൾ ശ്രദ്ധിക്കുന്നതാണെന്നും, ക്രമ നമ്പർ 3 ൽ മാർച്ച് മാസം 31ാം തിയതി ഫീൽഡ് തലത്തിൽപ്പോയി ഗുണഭോക്താക്കളെ നേരിട്ട് കാണുകയും ഫണ്ട് ലാപ്സ് ആവാതിരിക്കുന്നതിനു വേണ്ടിയും, ഫണ്ട് കളക്ട് ചെയ്യുന്നതിനു വേണ്ടിയും ഉള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടതിനാൽ 5 മണിക്ക് മുമ്പ് പഞ്ചായത്തിൽ എത്താൻ കഴിഞ്ഞില്ല. കൈയിൽ ഉണ്ടായിരുന്ന രശീത് ബുക്ക് എഴുതി തീരുകയും ചെയ്തിരുന്നു. ആയതു കൊണ്ടാണ് ടി പ്രശ്നം വന്നു ചേർന്നത്. ഇത്തരത്തിലുള്ള പ്രവണതകൾ മേലിൽ ആവർത്തിക്കില്ലെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

രശീത് ബുക്ക് കൈകാര്യം ചെയ്യുമ്പോൾ കേരള ട്രഷറി കോഡിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്. KFC Vol – I ആർട്ടിക്കിൾ 7 (1) പ്രകാരം സർക്കാറിന് ലഭിക്കാനുള്ള ഏതെങ്കിലും തുക ലഭിച്ചു കഴിഞ്ഞാൽ ലഭിച്ച തുകക്ക് രസീതി നൽകേണ്ടതാണ്. ഈടാക്കിയ തുകയുടെ വിശദാംശം രസീത് ബുക്കിന്റെ കൌണ്ടർ ഫോയിലിൽ കാണിച്ചിരിക്കേണ്ടതാണ്.

1-15 കറവപ്പശു വിതരണം - രണ്ട് നിരക്കിൽ കറവ പശുകളെ വാങ്ങിയിരിക്കുന്നു

| ക്രമ നം. | പ്രൊജക്ട് നം., പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 195, കറവപ്പശു വിതരണം (സ്പിൽ ഓവർ) | 870000 രൂപ (വികസന ഫണ്ട് - 410000, തനത് ഫണ്ട് - 10000, മറ്റുള്ളവ - 450000) | 630000 രൂപ (വികസന ഫണ്ട് - 300000, മറ്റുള്ളവ - 330000) |
| 2 | 63, കറവപ്പശു വിതരണം - വനിത (എസ് സി പി) | 900000 രൂപ (വികസന ഫണ്ട് - 660000, തനത് ഫണ്ട് - 15000, മറ്റുള്ളവ - 225000) | 500000 രൂപ (വികസന ഫണ്ട് - 375000, മറ്റുള്ളവ - 125000) |
| 3 | 65, കറവപ്പശു വിതരണം - വനിത (ടി എസ് പി) | 2100000 രൂപ (വികസന ഫണ്ട്) | 1900000 രൂപ (വികസന ഫണ്ട്) |

മേൽ പദ്ധതികൾ പ്രകാരം ആകെ 58 (ജനറൽ - 10, എസ് ടി - 38, എസ് സി - 10) ഗുണഭോക്താക്കൾക്ക് കറവ പശു വാങ്ങി നൽകിയിട്ടുണ്ട്. ജനറൽ വിഭാഗത്തിൽ 50% സബ്സിഡിയും പട്ടികജാതി വിഭാഗത്തിന് 75% സബ്സിഡിയും പട്ടികവർഗ്ഗ വിഭാഗത്തിന് മുഴുവൻ സബ്സിഡിയും അനുവദിച്ചിട്ടുണ്ട്.

പദ്ധതികളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1. ജനറൽ വിഭാഗത്തിലുള്ള 10 ഗുണഭോക്താക്കൾക്ക് കറവ പശു ഒന്നിന് 60000 രൂപ നിരക്കിലും പട്ടികജാതി, പട്ടികവർഗ്ഗം എന്നീ വിഭാഗത്തിലുള്ള 48 ഗുണഭോക്താക്കൾക്ക് കറവ പശു ഒന്നിന് 50000 രൂപ നിരക്കിലുമാണ് വാങ്ങി നൽകിയിട്ടുള്ളത്. ഇങ്ങനെ രണ്ട് നിരക്കിൽ കറവ പശുവിന്റെ വില നിശ്ചയിക്കുവാനുള്ള കാരണം വ്യക്തമല്ല. മാത്രമല്ല സബ്സിഡി-ധനസഹായ മാർഗ്ഗരേഖ

സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ തീയതി 14.02.2018 യിലെ ഖണ്ഡിക 6.2(1) പ്രകാരം യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. പല അപേക്ഷകളോടൊപ്പവും കറവപ്പശുക്കളെ വിറ്റയാളുടെ ഐഡി, ബാങ്ക് പാസ് ബുക്കിന്റെ കോപ്പി എന്നിവ സൂക്ഷിച്ചതായി കാണുന്നില്ല. എന്നാൽ പർച്ചേയ്സിംഗ് കമ്മിറ്റിയുടെ സാക്ഷ്യപത്രത്തിൽ വിറ്റയാളുടെ അക്കൗണ്ട് നമ്പർ രേഖപ്പെടുത്തിയതായി കാണുന്നു. ഇതുമൂലം ബിൽ പ്രകാരമുള്ള അക്കൗണ്ട് വിവരങ്ങളുടെ കൃത്യത പരിശോധിക്കുവാൻ സാധിക്കുന്നില്ല.

ഏതാനും ഉദാഹരണം താഴെ ചേർക്കുന്നു.

| 195, കറവപ്പശു വിതരണം (സ്പിൽ ഓവർ) | | | |
|---|---|---|---|
| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കറവപ്പശു വിറ്റയാളുടെ പേര് | ബിൽ പ്രകാരമുള്ള അക്കൗണ്ട് നം. |
| 1 | ഓമന W/o ആന്റണി, എലുവതിങ്കൽ | നിവിൻ ജോർജ് | 33114392948 |
| 2 | ജാനകി W/o ഹൈദർ, ഷോളയൂർ | അഖിൽ ജോയ് | 33220429105 |
| 63, കറവപ്പശു വിതരണം - വനിത (എസ് സി പി) | | | |
| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കറവപ്പശു വിറ്റയാളുടെ പേര് | ബിൽ പ്രകാരമുള്ള അക്കൗണ്ട് നം. |
| 1 | അംബിക W/o ചന്ദ്രശേഖരൻ, ഷോളയൂർ | നന്ദകുമാർ | 04001010002643 |
| 2 | പാപ്പാത്തി W/o രാജൻ, വയലൂർ | പൗലോസ് | 34934772236 |
| 3 | ജയന്തി W/o മുരുകേശ്, കോട്ടത്തറ | ലക്ഷ്മി ദേവരാജ് | 1656101016552 |
| 4 | കൽപന W/o ശെൽവകുമാർ, നഞ്ചൻ കോളനി | രേഖമോൾ | 10644411709 |
| 65, കറവപ്പശു വിതരണം - വനിത (ടി എസ് പി) | | | |
| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കറവപ്പശു വിറ്റയാളുടെ പേര് | ബിൽ പ്രകാരമുള്ള അക്കൗണ്ട് നം. |
| 1 | കാർത്തിക W/o ബാലൻ, കാരയൂർ | അയ്യപ്പൻ പി | 0849101020637 |
| 2 | മരുതമ്മ W/o സെൽവരാജ് | വസന്ത | 32082412387 |
| 3 | വള്ളിമ്മാൾ W/o പഴനിമൂപ്പൻ, കോട്ടത്തറ | ജയകുമാർ എൻ | 32867763378 |
| 4 | സിന്ധു W/o മണി, താഴെസാമ്പാർകോട് | ഗോപിനാഥ് | 30563907184 |
| 5 | മാരി W/o മണികണ്ഠൻ, ചാവടിയൂർ | ബോബി അബ്രഹാം | 1656101009308 |
| 6 | സുന്ദരി W/o പ്രശാന്ത്, പൊട്ടിക്കൽ | വള്ളി എം | 31624152138 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 06/09.03.2023) വെറ്ററിനറി സർജൻ ലഭ്യമാക്കിയ മറുപടി താഴെ ചേർക്കുന്നു.

1. 2020-21 വർഷത്തെ കറവപ്പശു വാങ്ങൽ (ജനറൽ) പദ്ധതി പ്രകാരം യൂണിറ്റ് കോസ്റ്റ് നിരക്കായ 60000 രൂപയ്ക്ക് കറവപ്പശു വാങ്ങി നൽകുമ്പോൾ ഗുണഭോക്തൃ വിഹിതമായ 30000 രൂപ അടയ്ക്കാൻ ഗുണഭോക്താക്കൾ വിമുഖത കാണിച്ചതിനാലാണ് 2021-22 ലേക്ക് പദ്ധതി സ്പിൽ ഓവറായത്. ഈ പ്രശ്നം പരിഹരിക്കുവാനായാണ് തൻവർഷത്തെ ടി പ്രൊജക്ടുകൾ പ്രകാരം 50000 രൂപയുടെ കറവപ്പശു ഗുണഭോക്താക്കൾക്ക് വാങ്ങി നൽകിയത്.

2. അപേക്ഷകളോടൊപ്പം ആവശ്യമായ എല്ലാ രേഖകളും സൂക്ഷിച്ചിരുന്നെന്നും, ട്രാൻസ്ഫർ ആയതിനാൽ രേഖകൾ നഷ്ടപ്പെട്ട വിവരം അറിഞ്ഞില്ലെന്നും, പർച്ചേയ്സിംഗ് കമ്മിറ്റിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് വിറ്റയാളുടെ അക്കൗണ്ടിലേക്ക് തുക മാറി നൽകിയിട്ടുള്ളതെന്നും അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശം

1. ഗുണമേന്മയുള്ള കറവപ്പശുക്കൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാണോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തി മാത്രം ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2. ഓഡിറ്റിനായി നൽകുന്ന പ്രൊജക്ട് ഫയലുകളിൽ ആവശ്യമായ എല്ലാ രേഖകളും ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

1-16 ഷോളയൂർ മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - കാലാവധി കഴിഞ്ഞ മരുന്ന് സ്റ്റോക്കിൽ സൂക്ഷിച്ചിരിക്കുന്നു

| | |
|---|---|
| പ്രൊജക്ട് നം., പേര് | 95/22, ഷോളയൂർ മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 200000 രൂപ (വികസന ഫണ്ട് - പൊതുവിഭാഗം) |
| ചെലവ് | 200000 രൂപ<br>1) ബിൽ നം. 15/21-22/23.03.2022 - 120748 രൂപ<br>2) ബിൽ നം. 16/21-22/23.03.2022 - 79252 രൂപ |
| നിർവഹണം | വെറ്ററിനറി സർജൻ |

മേൽ പദ്ധതി പ്രകാരം ക്യൂയർ & കെയർ ഏജൻസീസ് എന്ന സ്ഥാപനത്തിൽ നിന്നും ബിൽ നം. B0301/22/16.03.2022 പ്രകാരം ലഭിച്ച താഴെ പറയുന്ന മരുന്ന് കാലാവധി കഴിഞ്ഞും സ്റ്റോക്കിൽ സൂക്ഷിച്ചതായി കാണുന്നു.

| മരുന്നിന്റെ പേര് | ബാച്ച് നം. | എക്സ്പെയറി തീയതി | റിമാർക്സ് |
|---|---|---|---|
| Inj TRAMADOL 1ML | RDL72 | 09/2022 | 8 എണ്ണം ഉപയോഗിക്കാതെ സ്റ്റോക്കിൽ സൂക്ഷിച്ചിരിക്കുന്നു (സ്റ്റോക്ക് രജിസ്റ്റർ പേജ് നം. 179). |

09/2022 ന് കാലാവധി കഴിഞ്ഞ മരുന്നുകൾ മാറ്റി വാങ്ങാതെ സ്റ്റോക്കിൽ സൂക്ഷിച്ചിരിക്കുന്നതിനുള്ള കാരണം അറിയിക്കുവാനായി നൽകി ഓഡിറ്റ് എൻക്വയറിക്ക് (നം. 08/09.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

കാലാവധി തീർന്ന മരുന്നുകൾ മാറ്റി വാങ്ങി സ്റ്റോക്കിലെടുത്ത് വിവരം രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17 തെരുവ് വിളക്കുകൾ/മിനിമാസ്റ്റ് സ്ഥാപിക്കൽ - മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല

| ക്രമ നം. | പ്രൊജക്റ്റ് നം., പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 237, തെരുവ് വിളക്കുകൾ സ്ഥാപിക്കൽ | 868000 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) | ബിൽ നം. 254/17.03.2022 - 774999 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) |
| 2 | 214, ഊരുകളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | 1950000 രൂപ (വികസന ഫണ്ട് - ടി എസ് പി - 1946250, തനത് ഫണ്ട് - 3750) | ബിൽ നം. 33/17.03.2022 - 1934091 രൂപ (വികസന ഫണ്ട് - ടി എസ് പി) |

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡിനെ നിർവഹണ ഏജൻസിയായി നിശ്ചയിച്ച് കൊണ്ട് തെരുവ് വിളക്കുകൾ സ്ഥാപിക്കൽ പദ്ധതി പ്രകാരം പഞ്ചായത്ത് പരിധിയിലെ വിവിധ പ്രദേശങ്ങളിൽ തെരുവ് വിളക്കുകളും (36W LED - 168 എണ്ണം, 50W LED - 53 എണ്ണം), ഊരുകളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ പദ്ധതി പ്രകാരം വിവിധ ഊരുകളിൽ മിനിമാസ്റ്റുകളും (14 Poles & 36W LED - 27 എണ്ണം) സ്ഥാപിച്ചിട്ടുണ്ട്.

പ്രസ്തുത പദ്ധതികൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകൾക്കും മിനിമാസ്റ്റുകൾക്കും കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡിന്റെ ഇൻവോയ്സ് (നം. KSIE/PKD/323&324/21-22 /03.01.2022) പ്രകാരം 2 വർഷത്തെ വാറണ്ടിയും നൽകിയിട്ടുണ്ട്.

പദ്ധതിയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഫയലിൽ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെയും മിനിമാസ്റ്റിന്റെയും എണ്ണം അതാത് വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയതിന്റെ രേഖകൾ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഏതെല്ലാം പോസ്റ്റുകളിലാണ് തെരുവ് വിളക്കുകൾ സ്ഥാപിച്ചതെന്ന് വ്യക്തമാക്കുന്ന കെ എസ് ഇ ബിയുടെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകൾക്കും മിനിമാസ്റ്റുകൾക്കും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

3. തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം കണ്ടെത്തുന്നതിനായി പഞ്ചായത്ത് അധികൃതരും, കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരും ചേർന്ന് പഞ്ചായത്തിന്റെ പ്രവർത്തന മേഖലയിലുള്ള പ്രവൃത്തനക്ഷമായവയും, അല്ലാത്തവയുടേയുമായ തെരുവ് വിളക്കുകളുടെ കണക്കുകൾ സംയുക്ത പരിശോധനയിലൂടെ തിട്ടപ്പെടുത്തിയിട്ടുണ്ടെങ്കിലും എല്ലാ തെരുവ് വിളക്കുകൾക്കും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

4. വാറണ്ടി ഉള്ള ലാമ്പുകൾ കേടുപാടുകൾ സംഭവിച്ചാൽ ഏജൻസികൾ മുഖേന മാറ്റി സ്ഥാപിക്കേണ്ടതാണ്. വാറണ്ടി ഉള്ള ലാമ്പുകൾ വാർഷിക അറ്റകുറ്റപ്പണികളിൽ ഉൾപ്പെടുന്നില്ല എന്ന് ഉറപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമല്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/13.03.2023) തെരുവ് വിളക്ക് പരിപാലനത്തിലുണ്ടായ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. തെരുവ് വിളക്കുകൾ സ്ഥാപിക്കുമ്പോൾ ഏതെല്ലാം പോസ്റ്റുകളിലാണ് തെരുവ് വിളക്കുകൾ സ്ഥാപിച്ചതെന്ന് വ്യക്തമാക്കുന്ന കെ എസ് ഇ ബിയുടെ സാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കേണ്ടതാണ്.

2. മേൽ പദ്ധതികൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകൾക്കും മിനിമാസ്റ്റുകൾക്കും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. സംയുക്ത പരിശോധന കഴിഞ്ഞ മുൻവർഷങ്ങളിൽ നിലവിലുള്ള എല്ലാ തെരുവ് വിളക്കുകൾക്കും മിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4. വാറണ്ടി ഉള്ള ലാമ്പുകൾ കേടുപാടുകൾ സംഭവിച്ചാൽ ഏജൻസികൾ മുഖേന മാറ്റി സ്ഥാപിക്കേണ്ടതാണ്. വാറണ്ടി ഉള്ള ലാമ്പുകൾ വാർഷിക അറ്റകുറ്റപ്പണികളിൽ ഉൾപ്പെടുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

5. തെരുവു വിളക്കുകളുടെ റിപ്പയറും പരിപാലനവും നടത്തുന്നതിനായി പുറപ്പെടുവിച്ച സർക്കുലർ നം.3055/ഡി.എ3/2011/തസ്വഭവ തിയതി 15.9.2011 ലെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. നിലാവ് പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തേണ്ടതാണ്.

7. തെരുവു വിളക്കുകളുടെ കൃത്യമായ കണക്ക് ശേഖരിച്ച് ആയതിനനുസരിച്ച് അറ്റകുറ്റപ്പണികൾക്കുള്ള തുക വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-18 പൗർണ്ണമി കുടുംബശ്രീ ജനകീയ ഹോട്ടലിന് നൽകിയ മുൻകൂർ ക്രമീകരിച്ചിട്ടില്ല

കോവിഡ് 19 പഞ്ചായത്ത് പരിധിയിൽ വ്യാപിച്ചതിനെ തുടർന്ന് ജനകീയ അടുക്കള തുടങ്ങുന്നതിനായി ആനക്കട്ടിയിലെ പൗർണ്ണമി കുടുംബശ്രീ ജനകീയ ഹോട്ടലിന് തനത് ഫണ്ടിൽ നിന്നും 50000 രൂപ മുൻകൂർ നൽകിയിട്ടുണ്ട് (വൗച്ചർ നം. 22100138/27.05.2021). എന്നാൽ ആയത് നാളിതുവരെ ക്രമീകരിച്ചതായി കാണുന്നില്ല. ജനകീയ അടുക്കള തുടങ്ങുന്നതിനായി നൽകിയ തുക വിനിയോഗിച്ചതിന്റെ രേഖകൾ പൗർണ്ണമി കുടുംബശ്രീ ജനകീയ ഹോട്ടലിൽ നിന്നും വാങ്ങി സൂക്ഷിക്കാത്തതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 25/15.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

ജനകീയ അടുക്കള തുടങ്ങുന്നതിനായി നൽകിയ മുൻകൂർ വിനിയോഗിച്ചതിന്റെ രേഖകൾ പൗർണ്ണമി കുടുംബശ്രീ ജനകീയ ഹോട്ടലിൽ നിന്നും ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-19 ഐ കെ എമ്മിന് അടക്കേണ്ട വിഹിതം - വിനിയോഗ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നം., പേര് | 2/22, ഐ കെ എമ്മിന് അടക്കേണ്ട വിഹിതം |
| അടങ്കൽ | 250000 രൂപ (വികസന ഫണ്ട് - പൊതുവിഭാഗം) |
| ചെലവ് | ബിൽ നം. 05/21-22/30.07.2021 - 250000 രൂപ |

| | |
|---|---|
| നിർവഹണം | സെക്രട്ടറി |

മേൽ പദ്ധതി പ്രകാരം പ്രവർത്തന ഫണ്ടിനത്തിലുള്ള 250000 രൂപ ഐ കെ എമ്മിന്റെ അക്കൗണ്ടിലേക്ക് (നം. 57047023512, എസ് ബി ഐ) മാറി നൽകിയിട്ടുണ്ട്. എന്നാൽ ഐ കെ എമ്മിൽ നിന്നും തുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങളടങ്ങിയ വിനിയോഗ സാക്ഷ്യപത്രം വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/13.03.2023) ഈ വിഷയത്തിൽ ഐ കെ എമ്മിന് കത്ത് നൽകിയിട്ടുണ്ടെന്നും വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് പരിശോധനയ്ക്കായി നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

ഐ കെ എമ്മിൽ നിന്നും തുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങളടങ്ങിയ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-20 ഗ്രാമപഞ്ചായത്ത് കുടിവെള്ള പദ്ധതിക്ക് മോട്ടോർ വാങ്ങൽ - അപാകങ്ങൾ പരിഹരിക്കേണ്ടതാണ്

| ക്രമ നം. | പ്രൊജക്ട് നം., പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 189, ഗ്രാമപഞ്ചായത്ത് കുടിവെള്ള പദ്ധതി - മോട്ടോർ വാങ്ങൽ | 400000 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) | ബിൽ നം. 304/24.03.2022 - 395000 രൂപ |
| 2 | 279, ഗ്രാമപഞ്ചായത്ത് കുടിവെള്ള പദ്ധതിക്ക് മോട്ടോർ വാങ്ങൽ | 300000 രൂപ (വികസന ഫണ്ട് - പൊതു വിഭാഗം) | ബിൽ നം. 51/31.03.2022 - 298000 രൂപ |

നിർവഹണം - സെക്രട്ടറി

ആനക്കട്ടി-കോട്ടത്തറ-മട്ടത്തുക്കാട് കുടിവെള്ള പദ്ധതിക്ക് മോട്ടോർ വാങ്ങി സ്ഥാപിക്കലാണ് പദ്ധതികളുടെ ലക്ഷ്യം. ഇതിനായി ടെക്സ്മോയുടെ രണ്ട് വീതം 40HP സബ്മെഴ്സിബിൾ മോട്ടോറും (സീരിയൽ നം. 40018021 & 22) 20HP സബ്മെഴ്സിബിൾ മോട്ടോറും (സീരിയൽ നം. 40020514 & 15) വാങ്ങിയിട്ടുണ്ട്.

പദ്ധതികളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. കുടിവെള്ള പദ്ധതികളിൽ പ്രസ്തുത സബ്മെഴ്സിബിൾ മോട്ടോറുകൾ സ്ഥാപിച്ചതിന്റെ ഇൻസ്റ്റലേഷൻ റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. കുടിവെള്ള പദ്ധതികളിൽ ഉപയോഗിച്ചിരുന്ന പഴയ മോട്ടോറുകൾ ഉപയോഗയോഗ്യമല്ല എന്ന് തെളിയിക്കുന്ന രേഖകൾ ക്ഷമതയുള്ള ഉദ്യോഗസ്ഥനിൽ നിന്നും വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3. പഴയ മോട്ടോറുകളുടെ നിലവിലെ സ്ഥിതി (ഉപയോഗിക്കുന്നുണ്ടോ/നടപടിക്രമങ്ങൾ പാലിച്ച് വിറ്റഴിച്ചിട്ടുണ്ടോ)ഫയലിൽ നിന്നും അറിയാൻ സാധിക്കുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/13.03.2023) ഇൻസ്റ്റലേഷൻ റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെന്നും കുടിവെള്ള വിതരണം മുടക്കം കൂടാതെ നടത്തേണ്ടതിനാൽ കള്ളക്കര പമ്പ്

ഹൗസിലാണ് പ്രസ്തുത മോട്ടോറുകൾ സ്ഥാപിച്ചിട്ടുള്ളതെന്നും പഴയ മോട്ടോറുകൾ അറ്റകുറ്റപണികൾ നടത്തി സ്റ്റാന്റ് ബൈയായി ഉപയോഗിക്കുന്നതിനാൽ വിറ്റഴിച്ചിട്ടില്ലെന്നുമുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. കുടിവെള്ള പദ്ധതികളിൽ പ്രസ്തുത സബ്മെഴ്സിബിൾ മോട്ടോറുകൾ സ്ഥാപിച്ചതിന്റെ ഇൻസ്റ്റലേഷൻ റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2. കുടിവെള്ള പദ്ധതികളിൽ ഉപയോഗിച്ചിരുന്ന പഴയ മോട്ടോറുകൾ ഉപയോഗയോഗ്യമല്ല എന്ന് തെളിയിക്കുന്ന രേഖകൾ ക്ഷമതയുള്ള ഉദ്യോഗസ്ഥനിൽ നിന്നും വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

3. നിലവിൽ പുതിയ മോട്ടോറുകൾ കാര്യക്ഷമമായി ഉപയോഗിക്കുന്നതിനാൽ കേടുവന്ന പഴയ മോട്ടോറുകൾ സ്റ്റാന്റ് ബൈയായി നിലനിർത്തേണ്ട ആവശ്യമുണ്ടോയെന്ന കാര്യം പുനപരിശോധിക്കാവുന്നതാണ്. അറ്റകുറ്റപണി നടത്തിയ പഴയ മോട്ടോറുകൾ ഉപയോഗിക്കാതെ കുറേ കാലം സ്റ്റാന്റ് ബൈയായി നിലനിർത്തുന്നത് അവയുടെ പ്രവർത്തനത്തെ ബാധിക്കുന്നതാണ്. ആയതിനാൽ ഉപയോഗയോഗ്യമല്ലാത്ത പഴയ മോട്ടോറുകൾ നടപടിക്രമങ്ങൾ പാലിച്ച് വിറ്റഴിക്കുവാനാവശ്യമായ മേൽനടപടികൾ സ്വീകരിക്കുന്നതാവും നല്ലത് എന്ന് അഭിപ്രായപ്പെടുന്നു.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-21 വിവിധ അങ്കണവാടികളുടെ വയറിംഗ് വൈദ്യുതീകരണം - വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നം., പേര് | 200/22, വിവിധ അങ്കണവാടികളുടെ വയറിംഗ് വൈദ്യുതീകരണം (സ്പിൽ ഓവർ) |
| അടങ്കൽ | 1000000 രൂപ (കേന്ദ്രാവിഷ്കൃത ഫണ്ട് - 455000, മെയിന്റനൻസ് ഫണ്ട് റോഡിതരം - 545000) |
| ചെലവ് | 943266 രൂപ (കേന്ദ്രാവിഷ്കൃത ഫണ്ട് - 398266, മെയിന്റനൻസ് ഫണ്ട് റോഡിതരം - 545000)<br>ബിൽ നം. 32/17.03.2022 – 545000 രൂപ<br>ബിൽ നം. 250/17.03.2022 - 398266 രൂപ |
| നിർവഹണം | സെക്രട്ടറി |

മേൽ പദ്ധതി പ്രകാരം ഫോക്കസ് ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് & കോൺട്രാക്ടേഴ്സ് എന്ന സ്ഥാപനം മുഖേന പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 23 അങ്കണവാടികളുടെയും വയറിങ്ങും അനുബന്ധ പ്രവ്യത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ കെ എസ് ഇ ബിയിൽ നിന്നും വൈദ്യുതി കണക്ഷൻ ലഭിച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. വയറിങ്ങും അനുബന്ധ പ്രവ്യത്തികളും പൂർത്തീകരിച്ചിട്ടുള്ള മുഴുവൻ അങ്കണവാടികൾക്കും വൈദ്യുതി കണക്ഷൻ ലഭിച്ചതിന്റെ വിവരം കൺസ്യൂമർ നമ്പർ സഹിതം അറിയിക്കുവാനായി ഓഡിറ്റ് എൻക്വയറിക്ക് (നം. 14/13.03.2023) മുഴുവൻ അങ്കണവാടികൾക്കും വൈദ്യുതി കണക്ഷൻ ലഭ്യമാക്കി വിവരം കൺസ്യൂമർ നമ്പർ സഹിതം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

വയറിങ്ങും അനുബന്ധ പ്രവ്യത്തികളും പൂർത്തീകരിച്ചിട്ടുള്ള 23 അങ്കണവാടികൾക്കും വൈദ്യുതി കണക്ഷൻ

ലഭിച്ചതിന്റെ വിവരം കൺസ്യൂമർ നമ്പർ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-22 മുറിച്ച് മാറ്റിയിട്ടുള്ള മരങ്ങളുടെയും ചില്ലകളുടെയും വാല്യുവേഷൻ എടുത്തിട്ടില്ല

പഞ്ചായത്തിലെ പതിനൊന്നാം വാർഡിലുള്ള കോട്ടമലയിലേയും പതിമൂന്നാം വാർഡിലുള്ള കോട്ടത്തറയിലേയും അപകടകരമാംവിധം നിൽക്കുന്ന മരങ്ങൾ സർക്കാർ നിർദ്ദേശ പ്രകാരം പ്രസിഡണ്ടിന്റെ നേതൃത്വത്തിൽ മുറിച്ചു മാറ്റിയ വകയിൽ ചെലവായ 54542 രൂപ തനത് ഫണ്ടിൽ നിന്നും മുരുകേശൻ S/o മണിയൻ, പെട്ടിക്കൽ എന്നവർക്ക് വൗച്ചർ നം. 22100684/14.12.2021 പ്രകാരം അനുവദിച്ചിട്ടുണ്ട്. കോട്ടമല ഊരിലെ വൻ വാകമരവും കോട്ടത്തറയിലെ ഉണങ്ങിയ നാല് വേപ്പ് മരവും മറ്റ് മരങ്ങളുടെ ചില്ലകളും മുറിച്ച് മാറ്റിയതായി വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇതിനായി ആകെ 48 മനുഷ്യദിനങ്ങൾ ഉപയോഗിച്ചിട്ടുണ്ട്.

എന്നാൽ മുറിച്ച് മാറ്റിയിട്ടുള്ള മരങ്ങളുടെയും ചില്ലകളുടെയും വാല്യുവേഷൻ 14.07.2017 ലെ 248/RC3 /2016/LSGD നം. സർക്കുലർ പ്രകാരം വനം വകുപ്പ് അധികൃതരെകൊണ്ട് തിട്ടപ്പെടുത്തുകയോ, നടപടിക്രമങ്ങൾ പാലിച്ച് കൊണ്ട് ലേലം ചെയ്ത് തനത് ഫണ്ടിൽ മുതൽ കൂട്ടുകയോ ചെയ്തതായി കാണുന്നില്ല. ആയതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 26/15.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

മുറിച്ച് മാറ്റിയിട്ടുള്ള മരങ്ങളുടെയും ചില്ലകളുടെയും വാല്യുവേഷൻ 14.07.2017 ലെ 248/RC3/2016/LSGD നം. സർക്കുലർ പ്രകാരം വനം വകുപ്പ് അധികൃതരെകൊണ്ട് തിട്ടപ്പെടുത്തേണ്ടതും നടപടിക്രമങ്ങൾ പാലിച്ച് കൊണ്ട് ലേലം ചെയ്ത് തനത് ഫണ്ടിൽ മുതൽ കൂട്ടുകയും ചെയ്ത് വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-23 ഹരിത കർമ്മസേനയുടെ പ്രവർത്തനം - അവലോകനം

15.07.2017 ലെ സ.ഉ(സാധാ)നം.2420/17/തസ്വഭവ പ്രകാരം ഹരിത കർമ്മസേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും 02.08.2020 ലെ സ.ഉ(സാധാ)നം.1496/2020/തസ്വഭവ പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. ഷോളയൂർ ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു (ഓഡിറ്റ് എൻക്വയറി നം. 19/13.03.2023).

1) ഹരിതകർമ്മസേനയുടെ രൂപീകരണം

ഗ്രാമപഞ്ചായത്ത് പ്രദേശം മാലിന്യമുക്തമാക്കുന്നതിനായി ഹരിതകർമ്മസേനയുടെ നേതൃത്വത്തിലുള്ള ശുചിത്വ പരിപാലന പ്രവർത്തനങ്ങൾ 2019 ജൂൺ മാസത്തിലാണ് ആരംഭിച്ചത്. ആരംഭത്തിൽ 18 ഹരിതകർമ്മസേനാംഗങ്ങളുണ്ടായിരുന്നെങ്കിലും നിലവിൽ 14 പേരാണ് മാലിന്യ പരിപാലന പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നത്.

2) യൂസർഫീ ഈടാക്കൽ

ഷോളയൂർ ഗ്രാമപഞ്ചായത്തിൽ ആകെ 14 വാർഡുകളാണുള്ളത്. പഞ്ചായത്ത് പരിധിയിൽ സഞ്ചയയിലെ വിവരങ്ങൾ പ്രകാരം 7423 വീടുകളും 465 ഓളം കടമുറികളുമുണ്ട്. ഹരിത കർമ്മസേനയിൽ പ്രവർത്തിക്കുന്ന 14 അംഗങ്ങൾക്ക് മാസം 2500/- രൂപ വീതം വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നുണ്ട്. നിലവിൽ യൂസർഫീയായി വീടുകളിൽനിന്ന് 50/- രൂപയും കടമുറികളിൽനിന്ന് 100/- രൂപയുമാണ് ഈടാക്കുന്നത്. വേതനം, ഹരിതകർമ്മസേനയുടെ മറ്റുചെലവുകൾ എന്നിവക്കായി ഇത് ഉപയോഗിക്കുന്നു. യൂസർ ഫീ ഇനത്തിലെ വരവ് പ്രതിമാസം ശരാശരി 5000/- രൂപയിൽ താഴെ മാത്രമാണ്. ആയത് ഹരിതകർമ്മസേനയുടെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ അപര്യാപ്തമാണ്.

3) വയബിലിറ്റി ഗ്യാപ്പ് ഫണ്ട്

തൻവർഷം പ്രോജക്ട് നം. 147/22, ഹരിത കർമ്മസേനക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് (സ്പിൽ ഓവർ) പദ്ധതി പ്രകാരം തനത് ഫണ്ടിൽ നിന്നും വയബിലിറ്റി ഗ്യാപ് ഫണ്ടായി 210000/- രൂപ വകയിരുത്തിയതിൽ 157500/- രൂപ ചെലവഴിച്ചിട്ടുണ്ട്.

4) മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF)

വിവിധ വാർഡുകളിൽ നിന്നും ശേഖരിച്ച അജൈവമാലിന്യങ്ങൾ പഞ്ചായത്തിലെ 8 സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള മിനി MCF ൽ എത്തിച്ച് സൂക്ഷിക്കുകയാണ് ചെയ്യുന്നത്. നിലവിൽ വട്ടലക്കിയിൽ താൽക്കാലിക MCF ൽ പരിമിതമായ സൗകര്യങ്ങൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ജലലഭ്യത, വൈദ്യുതീകരണം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ MCF ൽ സജ്ജമാക്കിയിട്ടില്ല. പ്ലാസ്റ്റിക്ക് മാലിന്യസംസ്കരണത്തിനായി ഷ്രെഡ്ഡിംഗ് ആന്റ് ബൈലിംഗ് യൂണിറ്റുകൾ MCF ൽ സ്ഥാപിച്ചിട്ടില്ല.

5) റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF)

ഗ്രാമപഞ്ചായത്തിൽ ആർ.ആർ.എഫ് സ്ഥാപിച്ചിട്ടില്ല. താൽക്കാലിക എം.സി.എഫിൽ സ്ഥല പരിമിതി മൂലം മാലിന്യങ്ങൾ തരംതിരിച്ച് മാറ്റുവാൻ സാധിക്കുന്നില്ല. തരംതിരികാത്ത മാലിന്യങ്ങൾ ക്ലീൻകേരളയ്ക്ക് കൈമാറുകയാണ് ചെയ്യുന്നത്.

6). ഹരിത സഹായ സ്ഥാപനം

15.07.2017 ലെ സ.ഉ(സാധാ)നം.2420/2018/തസ്വഭവ ഉത്തരവ് പ്രകാരം ഹരിത കേരളം മിഷൻ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഹരിത സഹായ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കേണ്ടതാണെന്നും വേതനം നിശ്ചയിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഹരിത സഹായ സ്ഥാപനം തെരഞ്ഞെടുത്തിട്ടില്ല.

7) ക്ളീൻ കേരള കമ്പനി

29.07.2020 ലെ സർക്കുലർ നം. ഡി.സി.1/282/20/തസ്വഭവ പ്രകാരം ഹരിത കർമ്മസേനാംഗങ്ങൾ ശേഖരിക്കുന്ന പാഴ്വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനും, വിപണനം ചെയ്യുന്നതിനും ക്ലീൻ കേരളാ കമ്പനിയുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ക്ളീൻ കേരള കമ്പനിയുമായി 05.09.2021 ന് എഗ്രിമെന്റിലേർപ്പെട്ടിട്ടുണ്ട്.

8). ഹരിതകർമ്മസേനയുടെ അക്കൗണ്ടിലെ നീക്കിയിരിപ്പ്

ഹരിതകർമ്മസേനയുടെ 1656101016970 നമ്പർ അക്കൗണ്ടിൽ (കാനറാ ബാങ്ക്) 13.03.23 ന് 2481 രൂപ നീക്കിയിരിപ്പുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. ഹരിതകർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖകൾക്കനുസൃതമായി ക്രമീകരിക്കേണ്ടതാണ്.

2. നിലവിലെ താൽക്കാലിക എം.സി.എഫിൽ സ്ഥല പരിമിതി മൂലം മാലിന്യങ്ങൾ തരംതിരിച്ച് മാറ്റുവാൻ സാധിക്കുന്നില്ല. സൗകര്യപ്രദവും സ്ഥിരമായതുമായ എം.സി.എഫ് സ്ഥാപിക്കേണ്ടതാണ്.

3. ഹരിത കർമ്മസേനയ്ക്ക് അനുവദിക്കുന്ന വയബിലിറ്റി ഗ്യാപ് ഫണ്ട് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിനേക്കാൾ അധികമാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

4. യൂസർ ഫീ, ഹരിതകർമ്മസേന നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള ഫീസ് എന്നിവ ഹരിതകർമ്മസേനയുടെ അക്കൗണ്ടിൽ വരവ് വെച്ചുവെന്ന് ഉറപ്പാക്കേണ്ടതാണ്. മൂന്ന് തവണയിൽ കൂടുതൽ യൂസർ ഫീ ഒടുക്കാത്തവരുടെ വിവരം ഹരിതകർമ്മസേന ഗ്രാമപഞ്ചായത്തിനെ രേഖാമൂലം അറിയിക്കേണ്ടതും ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

5. മാലിന്യ സംസ്കരണ മേഖലയിൽ വിഇഒ മാർ സർക്കാർ ഉത്തരവനുസരിച്ചുള്ള ചുമതലകൾ നിറവേറ്റുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-24 ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല – തുടർ നടപടി സ്വീകരിക്കേണ്ടതാണ്

സ.ഉ. (എം.എസ്) 362/2013 ത.സ്വ.ഭ.വ തീയതി 16.11.2013 ലെ ഉത്തരവ് പ്രകാരം ഗുണഭോക്താക്കൾ ഭവന നിർമ്മാണം സമയ ബന്ധിതമായി പൂർത്തിയാക്കുമെന്നും, 12 വർഷത്തേക്ക് കൈമാറ്റം ചെയ്യില്ലെന്ന് കരാറിൽ ഏർപ്പെടണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി ചമച്ച കരാറിലെ ഖണ്ഡിക 4 പ്രകാരം കരാർ ചമച്ച് 6 മാസത്തിനകം ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതാണെന്നും, ഖണ്ഡിക 7 ൽ പ്രവൃത്തി നിർവ്വഹിക്കാത്ത പക്ഷം 12% പലിശ സഹിതം കൈപ്പറ്റിയ തുക തിരിച്ചടവാക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ലൈഫ് ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ജനറൽ/എസ് സി/എസ് ടി ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു. ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/13.03.2023) നൽകിയ മറുപടി പട്ടികയിലെ റിമാർക്സ് കോളത്തിൽ ചേർക്കുന്നു.

| ജനറൽ | | | | | |
|---|---|---|---|---|---|
| ക്രമ നം | ഗുണഭോക്താവിന്റെ പേര് (ഐഡി നം.) | കൈപ്പറ്റിയ ആകെ തുക | കൈപ്പറ്റാൻ ബാക്കി നിൽക്കുന്ന തുക | അവസാനം തുക കൈപ്പറ്റിയ തീയതി | റിമാർക്സ് |
| 1 | വസന്തമണി W/o സുബ്രഹ്മണ്യൻ, കോട്ടത്തറ (ഐഡി നം. 738991) | 360000 | 40000 | 30.06.2021 | വീട് പണി പൂർത്തീകരിച്ചിട്ടുണ്ട്. അവസാന ഗഡു നൽകുന്നതാണ്. |
| 2 | പഴനിസ്വാമി S/o ആറുമുഖം, കോട്ടത്തറ (ഐഡി നം. 890226) | 360000 | 40000 | 17.03.2021 | ,, |
| 3 | ക്രിസ്റ്റഫർ S/o ദേവദാസ്, കോട്ടത്തറ (ഐഡി നം. 908002) | 50000 | 350000 | 17.03.2021 | ഗുണഭോക്താവിന്റെ നിസംഗത. നോട്ടീസ് നൽകിയിട്ടുണ്ട്. |
| എസ് സി | | | | | |
| ക്രമ നം | ഗുണഭോക്താവിന്റെ പേര് (ഐഡി നം.) | കൈപ്പറ്റിയ ആകെ തുക | കൈപ്പറ്റാൻ ബാക്കി നിൽക്കുന്ന തുക | അവസാനം തുക കൈപ്പറ്റിയ തീയതി | റിമാർക്സ് |
| 1 | മേരികണ്ണച്ചൻ, കോഴിക്കുടം (ഐഡി നം. 921249) | 40000 | 360000 | 18.09.2021 | ബേസ്മെന്റ് പൂർത്തീകരിച്ചിട്ടുണ്ട്. |
| 2 | ജയ മയിൽസ്വാമി, ശിരുവാണി എസ്റ്റേറ്റ് (ഐഡി നം. 921478) | 140000 | 260000 | 25.03.2022 | ലിന്റൽ പൂർത്തീകരിച്ചിട്ടുണ്ട്. |
| 3 | പഴനി പെരിയൻ, മേലേക്കുറവൻപാടി (ഐഡി നം. 927172) | 140000 | 260000 | 01.03.2022 | ,, |
| എസ് ടി | | | | | |
| ക്രമ നം | ഗുണഭോക്താവിന്റെ പേര് (ഐഡി നം.) | കൈപ്പറ്റിയ ആകെ | കൈപ്പറ്റാൻ ബാക്കി | അവസാനം തുക | റിമാർക്സ് |

| | | തുക | നിൽക്കുന്ന തുക | കൈപ്പറ്റിയ തീയതി | |
|---|---|---|---|---|---|
| 1 | സരോജ മല്ലൻ, ഷോളയൂർ (ഐഡി നം. 921467) | 80000 | 520000 | 03.01.2023 | ബേസ്മെന്റ് പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ടിയാൻ സ്ഥലത്തില്ല. |
| 2 | സരോജ ശെൽവരാജ്, ഷോളയൂർ (ഐഡി നം. 921465) | 40000 | 560000 | 12.10.2021 | ബേസ്മെന്റ് പൂർത്തീകരിച്ചിട്ടുണ്ട്. |
| 3 | വെള്ളിങ്കിരി രങ്കൻ, ഷോളയൂർ (ഐഡി നം. 921247) | 80000 | 520000 | 03.01.2023 | ബേസ്മെന്റ് പൂർത്തീകരിച്ചിട്ടുണ്ട്. |
| 4 | രങ്കി പെരുമാൾ, ഷോളയൂർ (ഐഡി നം. 916413) | 40000 | 560000 | 12.10.2023 | ബേസ്മെന്റ് പൂർത്തീകരിച്ചിട്ടുണ്ട്. |
| 5 | മരുതാചലം ശിവൻ, ഷോളയൂർ (ഐഡി നം. 921250) | 40000 | 560000 | 12.10.2021 | ഗുണഭോക്താവിന്റെ നിസംഗത. നോട്ടീസ് നൽകിയിട്ടുണ്ട്. |
| 6 | കലൈശെൽവി വീരൻ, ഷോളയൂർ (ഐഡി നം. 916076) | 40000 | 560000 | 12.10.2021 | ഗുണഭോക്താവിന്റെ നിസംഗത. നോട്ടീസ് നൽകിയിട്ടുണ്ട്. |
| 7 | പാപ്പദ്ദൻ, ഷോളയൂർ (ഐഡി നം. 920583) | ,, | ,, | ,, | ബേസ്മെന്റ് പൂർത്തീകരിച്ചിട്ടുണ്ട്. |
| 8 | ദീപ ശിവൻജ്യോതി, വരഗംപാടി (ഐഡി നം. 916078) | 40000 | 560000 | 12.10.2021 | ഗുണഭോക്താവിന്റെ നിസംഗത. നോട്ടീസ് നൽകിയിട്ടുണ്ട്. |
| 9 | ഷാജി അറിഞ്ചി, പെട്ടിക്കൽ (ഐഡി നം. 932603) | 40000 | 560000 | 12.10.2021 | ഗുണഭോക്താവിന്റെ നിസംഗത. നോട്ടീസ് നൽകിയിട്ടുണ്ട്. |
| 10 | മണികണ്ഠൻ ശിവൻ (ഐഡി നം. 921611) | 90000 | 510000 | 18.03.2022 | ബേസ്മെന്റ് പൂർത്തീകരിച്ചിട്ടുണ്ട്. |
| 11 | മരുതി പൊന്നുസ്വാമി, മൂലഗംഗൽ (ഐഡി നം. 921364) | ,, | ,, | 15.03.2022 | ബേസ്മെന്റ് പൂർത്തീകരിച്ചിട്ടുണ്ട്. |
| 12 | മുരുകി സുരേഷ്, മൂലഗംഗൽ (ഐഡി നം. 921464) | 40000 | 560000 | 12.10.2022 | ബേസ്മെന്റ് പൂർത്തീകരിച്ചിട്ടുണ്ട്. |
| 13 | പൊന്നി മുരുകേശ്, കത്താളക്കണ്ടി (ഐഡി നം. 916127) | ,, | ,, | ,, | ബേസ്മെന്റ് പൂർത്തീകരിച്ചിട്ടുണ്ട്. |
| 14 | വള്ളിയമ്മാൾ ആറുകുട്ടി, ദാസന്നൂർ | 40000 | 560000 | 12.10.2021 | ഗുണഭോക്താവിന്റെ നിസംഗത. നോട്ടീസ് നൽകിയിട്ടുണ്ട്. |
| 15 | ജ്യോതിമണി മുരുകവേൽ, | ,, | ,, | ,, | ബേസ്മെന്റ് പൂർത്തീകരിച്ചിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| | ദാസന്നൂർ (ഐഡി നം. 951941) | | | | |
| 16 | നിത്യ കാർത്തിക്, വട്ടലക്കി | 40000 | 560000 | 12.10.2021 | ഗുണഭോക്താവിന്റെ നിസംഗത. നോട്ടീസ് നൽകിയിട്ടുണ്ട്. |
| 17 | സാവിത്രി മാരിമുത്തു, വട്ടലക്കി (ഐഡി നം. 951953) | ” | ” | ” | ബേസ്മെന്റ് പൂർത്തീകരിച്ചിട്ടുണ്ട്. |
| 18 | പഴനിസ്വാമി നഞ്ചൻ, താഴെ സമ്പാർകോട് (ഐഡി നം. 920013) | 40000 | 560000 | 12.10.2021 | ബേസ്മെന്റ് പൂർത്തീകരിച്ചിട്ടുണ്ട്. |
| 19 | വെള്ളിങ്കിരി പഴനി, കോട്ടമല ഊര് (ഐഡി നം. 927243) | 40000 | 560000 | 12.10.2021 | ഗുണഭോക്താവിന്റെ നിസംഗത. നോട്ടീസ് നൽകിയിട്ടുണ്ട്. |

ഓഡിറ്റ് നിർദ്ദേശം

1) ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) ഭവന നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് ബാക്കി നൽകുവാനുള്ള തുക അനുവദിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-25 ന്യൂട്രീമിക്സ് വാങ്ങൽ - ജി.എസ്.ടി ടി.ഡി.എസ് നടത്താതെ തുക അനുവദിച്ചു

അങ്കണവാടി പോഷകാഹാരം പദ്ധതികൾ പ്രകാരം അങ്കണവാടികളിലേക്കുള്ള അമൃതം ന്യൂട്രിമിക്സ്, തേജസ് അമൃതം ഫുഡ്, അഗളി എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. ഇൻവോയ്സ് പ്രകാരം 5% ജി എസ് ടി ഉൾപ്പെടെയുള്ള തുകയാണ് ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടില്ല. തുക നൽകിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവഹണം - ഐ സി ഡി എസ് സൂപ്പർവൈസർ

| പ്രൊജക്ട് നം., പേര് | ബിൽ നം./ തീയതി | ഇൻവോയ്സ് നം./തീയതി | ജി എസ് ടി ഉൾപ്പെടാത്ത തുക (രൂപയിൽ) |
|---|---|---|---|
| 61, അങ്കണവാടികളിൽ അനുപൂരക പോഷകാഹാര വിതരണം | 11/21-22 /15.03.2022 | 219/21.02.2022 | 100800 |
| | 05/21-22 /01.11.2021 | 202/25.10.2021 | 104580 |
| 62, അങ്കണവാടികളിൽ അനുപൂരക | 02/21-22 /21.09.2021 | 182/22.04.2021 | 105420 |
| | | 185/24.05.2021 | 122010 |
| | | 188/21.06.2021 | 102690 |

| | | | |
|---|---|---|---|
| പോഷകാഹാര വിതരണം (ടി.എസ്.പി) | | | |
| | | 191/26.07.2021 | 119805 |
| | | 194/16.08.2021 | 104790 |
| | 04/21-22 /13.10.2021 | 197/20.09.2021 | 104580 |
| | 07/21-22 /04.02.2022 | 207/18.11.2021 | 123725 |
| | | 210/21.12.2021 | 102690 |
| | 09/21-22 /12.02.2022 | 214/21.01.2022 | 117600 |
| | 15/21-22 /26.03.2022 | 223/22.03.2022 | 121030 |
| ആകെ | | | 1329720 |

അക്കൗണ്ട് നമ്പർ - 0849256005258, കാനറ ബാങ്ക്

GST IN - 32AINFT5709P1ZP

കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്റ്റ് 2017 ലെ സെക്ഷൻ 51(7), 24(6), 25 എന്നിവയും 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.ഡി.എ1/87/2019/തസ്വ.ഭ.വ തീ 08.03.2019 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന ടി ഡി എസ്, സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന്, സർക്കുലർ നം. ഡി.എ1/87/2019/തസ്വഭവ തീയതി 08.09.2020 ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി ഡി ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ടി ഡി എസ് കിഴിവ് വരുത്തേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ ബില്ലുകൾ പ്രകാരം തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ടുന്ന 2% നിരക്കിലുള്ള ടി ഡി എസ് ഈടാക്കിയിട്ടില്ല. ആയതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21/14.03.2023) തുടർന്ന് വരുന്ന ബില്ലുകളിൽ ജി എസ് ടി - ടി ഡി എസ് ഈടാക്കി അടക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റേയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും CGST,SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. ജി.എസ്.ടി ടി.ഡി.എസ് നടത്തുവാൻ വീഴ്ച വരുത്തിയാൽ പിഴ ഒടുക്കുവാൻ ഉദ്യോഗസ്ഥൻ ബാധ്യസ്ഥനായതിനാൽ ഇക്കാര്യത്തിൽ വീഴ്ച ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതും സപ്ലൈയർ ജി.എസ്.ടി തുക അടവാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-26 കോക്ലിയർ ഇംപ്ലാന്റേഷൻ അനന്തര സഹായം - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്ട് നം., | 99/22, കോക്ലിയർ ഇംപ്ലാന്റേഷൻ |

| | |
|---|---|
| പേര് | അനന്തര സഹായം |
| അടങ്കൽ | 50000 രൂപ (വികസന ഫണ്ട് – ജനറൽ) |
| ചെലവ് | ബിൽ നം. 14/21-22/25.03.2022, 50000 രൂപ |
| നിർവഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |

മേൽ പദ്ധതി പ്രകാരം തീർത്ഥ മനോജ് (D/o മനോജ്, ജി പി ഹൗസ്, കോഴിക്കുട്ടം) എന്ന കുട്ടിക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ അനന്തര സഹായം ലഭ്യമാക്കുന്നതിനായി നിർവഹണ ഏജൻസിയായ കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ അക്കൗണ്ടിലേക്ക് (നം. 70101140000134) 50000 രൂപ മാറി നൽകിയിട്ടുണ്ട്. എന്നാൽ തുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 22/14.03.3023) തുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും ലഭ്യമാക്കി അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

തീർത്ഥ മനോജ് (D/o മനോജ്, ജി പി ഹൗസ്, കോഴിക്കുട്ടം) എന്ന കുട്ടിക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ അനന്തര സഹായം ലഭ്യമാക്കിയതിന്റെ വിശദാംശങ്ങൾ കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

1-27 കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റലും പുതിയ തൈകൾ വെച്ച് പിടിപ്പിക്കലും - ഗുണഭോക്തൃ വിഹിതം ഈടാക്കാതെ തൈകൾ വിതരണം ചെയ്തിരിക്കുന്നു

| | |
|---|---|
| പ്രൊജക്ട് നം., പേര് | 243/22, കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റലും പുതിയ തൈകൾ വെച്ച് പിടിപ്പിക്കലും |
| അടങ്കൽ | 375000 രൂപ (വികസന ഫണ്ട് (ജനറൽ) - 356250 രൂപ, ഗുണഭോക്തൃ വിഹിതം - 18750 രൂപ) |
| ചെലവ് | 351625 രൂപ (വികസന ഫണ്ട് (ജനറൽ) - 334250 രൂപ, ഗുണഭോക്തൃ വിഹിതം - 17375 രൂപ)<br>1. ബിൽ നം. 24/21-22/26.03.2022 - 278000 രൂപ<br>2. ബിൽ നം. 21/21-22/23.03.2022 - 56250 രൂപ<br>3. ചെക്ക് നം. 631327/31.03.2023 - 17375 രൂപ |
| നിർവഹണം | കൃഷി ഓഫീസർ |

മേൽ പദ്ധതി പ്രകാരം 63 കേര കർഷകർക്ക് തെങ്ങ് വെട്ടിമാറ്റുന്നതിനുള്ള കൂലിയും പുതിയ തെങ്ങിൻ തൈകളും വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി 300 ഹൈബ്രിഡ് തെങ്ങിൻ തൈകൾ ശിരുവാണി ഓർഗാനിക്ക് ഇക്കോ ഷോപ്പിൽ നിന്നും വാങ്ങിയിട്ടുണ്ട് (ഇൻവോയ്സ് നം. 123/17.03.2022, തുക – 75000 രൂപ). ഇൻവോയ്സ് പ്രകാരമുള്ള തുകയുടെ 75 ശതമാനമായ 56250 രൂപ പദ്ധതി വിഹിതമായും 17375 രൂപ ഗുണഭോക്തൃ വിഹിതമായും ശിരുവാണി ഓർഗാനിക്ക് ഇക്കോ ഷോപ്പിന്റെ അക്കൗണ്ടിലേക്ക് മാറി നൽകിട്ടുണ്ട്.

പദ്ധതി പ്രകാരം തെങ്ങിൻ തൈകളുടെ വിലയുടെ 25% ഗുണഭോക്തൃ വിഹിതമായി ഈടാക്കേണ്ടതാണ്. എന്നാൽ 278 തെങ്ങിൻ തൈകളുടെ ഗുണഭോക്തൃ വിഹിതമായ 17375 (278x62.5) രൂപ മാത്രമാണ് പിരിച്ചിട്ടുള്ളത്. 22 തെങ്ങിൻ തൈകളുടെ ഗുണഭോക്തൃ വിഹിതം ഈടാക്കിയതായോ സ്ഥാപനത്തിന് നൽകിയതായോ കാണുന്നില്ല. ഗുണഭോക്തൃ വിഹിതം ഈടാക്കാതെ 22 ഹൈബ്രിഡ് തെങ്ങിൻ തൈകൾ വിതരണം ചെയ്യുവാനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23/14.03.2023) തൈകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതായി അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

ഗുണഭോക്തൃ വിഹിതം കൃത്യമായി ഈടാക്കി മാത്രം ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-28 തെങ്ങിന് രാസവളം - ഇൻവോയ്സുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നം., പേര് | 242/22, തെങ്ങിന് രാസവളം |
| അടങ്കൽ | 400000 രൂപ (വികസന ഫണ്ട് (ജനറൽ) - 200000 രൂപ, ഗുണഭോക്തൃ വിഹിതം - 200000 രൂപ) |
| ചെലവ് | ബിൽ നം. 33/21-22/31.03.2022 - 200000 രൂപ<br>ചെക്ക് നം. 631324/31.03.2023 - 200000 രൂപ |
| നിർവഹണം | കൃഷി ഓഫീസർ |

മേൽ പദ്ധതി പ്രകാരം കേര കർഷകർക്ക് തെങ്ങ് കൃഷിക്ക് 50% സബ്സിഡിയോടുകൂടി രാസ വളം ലഭ്യമാക്കിയിട്ടുണ്ട്. ഇതിനായി 400000 രൂപ അട്ടപ്പാടി സർവ്വീസ് സഹകരണ ബാങ്കിന്റെ അക്കൗണ്ടിലേക്ക് (നം. 31311458129, എസ് ബി ഐ) മാറി നൽകിയിട്ടുണ്ട്. എന്നാൽ അട്ടപ്പാടി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും ലഭിച്ചിട്ടുള്ള രാസ വളത്തിന്റെ ഇൻവോയ്സുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 24/14.03.2023) ഇൻവോയ്സുകളുടെ ഒറിജിനൽ ട്രഷറി ബില്ലിന്റെ കൂടെ സമർപ്പിച്ചതായും കോപ്പികൾ എടുത്ത് ഫയലിൽ സൂക്ഷിച്ചത് കൈമോശം വന്നു പോയതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

പദ്ധതികളുടെ ഫയലിൽ ട്രഷറിയിൽ നൽകുന്ന ഇൻവോയ്സുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 06.03.2023 മുതൽ 15.03.2023 വരെ | അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട് |

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 10,00,000 | വട്ട് ലക്കി ലിഫ്റ്റ് ഇറിഗേഷൻ | 10,00,000 | - |
| | 2021-22 | 6,60,397 | കോഴിക്കൂടം പെട്ടിക്കൽ കറവൻപാടി കുടിവെള്ള പദ്ധതി മെയിന്റനൻസ് | 6,60,397 | - |
| | 2021-22 | 500000 | കോട്ടത്തറ സ്റ്റേഡിയത്തിൽ ജിംനേഷ്യം വോളിബോൾ ഷട്ടിൽ കോർട്ട് | 500000 | - |
| അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 600000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 600000 | - |
| അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 3030000 | ലൈഫ് ഭവന പദ്ധതി (ടി എസ് പി) | 3030000 | - |
| അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 150000 | ലൈഫ് ഭവന പദ്ധതി (പട്ടികജാതി) | 150000 | - |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2021-22 | 400000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 400000 | - |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2021-22 | 1650000 | ലൈഫ് ഭവന പദ്ധതി (ടി എസ് പി) | 1650000 | - |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2021-22 | 3350000 | ലൈഫ് ഭവന പദ്ധതി (പട്ടികജാതി) | 3350000 | - |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2021-22 | 292000 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 292000 | - |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2021-22 | 500000 | കോട്ടത്തറ സ്റ്റേഡിയത്തിൽ ജിംനേഷ്യം വോളിബോൾ ഷട്ടിൽ കോർട്ട് | 500000 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2021-22 | 1500000 | ഗോത്രസാരഥി പദ്ധതി | 1500000 | 0 |

4-3 ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം./ ബിൽ. നം. | മുൻകൂർ നൽകിയ തുക | ചെലവ ഴിച്ച തുക | ചെലവഴി ക്കാൻ ബാക്കി യുള്ള തുക | വിനിയോഗ വിവരങ്ങൾ ലഭ്യമായതിന്റെ വിവരങ്ങൾ |
|---|---|---|---|---|---|---|
| അസി.എഞ്ചി നിയർ, കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ നീട്ടൽ(283/22) | 365/30.3.2022 | 1,00,000/- | 99875/- | 125/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായി. |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

തൻ വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരം ഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടാ യിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാ വസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ്-KURDFC വായ്പ | - | | 23472212 | 3553010 | - | 19919202 |

വായ്പയുടെ വിനിയോഗം, വായ്പ തിരിച്ചടവ് ഉടങ്ങിയ വിവരങ്ങൾ നിരീക്ഷിക്കുന്നതിനായി ലോൺരജിസ്റ്റർ സൂക്ഷിക്കുന്നില്ല. ലോൺ രജിസ്റ്റർ തയ്യാറാക്കി ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-5, B-6 എന്നിവയുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങൾ ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2015-16 | 2015-16 | പട്ടികജാതി- | സമിതിയുടെ |

| | | | |
|---|---|---|---|
| സ്പെഷ്യൽ റിപ്പോർട്ട് | | പട്ടിക വർഗ്ഗ മേഖലയിലെ പദ്ധതികളുടെ പ്രത്യേക അവലോകനം | പരിഗണനയിലാണ് |

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 176101323.72 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 142842038 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഒന്നുമില്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഒന്നുമില്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : ഒന്നുമില്ല. |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നുമില്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഒന്നുമില്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1995-96 | എൽഎഫ്.പി(13)/1768/08/13.5.10 | മുഴുവൻ | |
| 1996-97 | എൽ.എഫ്.പി13/1769/08/13.5.10 | മുഴുവൻ | |
| 1997-98 | എൽ.എഫ്.പി13/1770/08/13.5.10 | മുഴുവൻ | |
| 1998-99 | എൽ.എഫ്.പി13/1771/08/13.5.10 | മുഴുവൻ | |
| 1999-00 | എൽ.എഫ്.പി13/1772/08/13.5.10 | മുഴുവൻ | |
| 2000-01 | എൽ.എഫ്.പി13/1773/08/13.5.10 | മുഴുവൻ | |
| 2001-02 | എൽ.എഫ്.പി13/1774/08/13.5.10 | മുഴുവൻ | |
| 2002-03 | എൽ.എഫ്.പി22/948/14 /18.11.14 | മുഴുവൻ | ഫർദർ റിപ്പോർട്ട് |
| 2003-04 | എൽ.എഫ്.പി22/949/14 /18.11.14 | മുഴുവൻ | -ടി- |
| 2004-05 | എൽ.എഫ്.പി22/950/14 /17.11.14 | മുഴുവൻ | -ടി- |
| 2005-06 | എൽ.എഫ്.പി22/2014/ 7.11.14 | മുഴുവൻ | -ടി- |
| 2006-07 | എൽ.എഫ്.പി22/952/14 /17.11.14 | മുഴുവൻ | -ടി- |
| 2007-08 | എൽ.എഫ്.പി22/953/14 /7.8.14 | മുഴുവൻ | -ടി- |
| 2008-09 | എൽ.എഫ്.പി22/954/14 /7.8.14 | മുഴുവൻ | ഫർദർ റിപ്പോർട്ട് |

| | | | |
|---|---|---|---|
| 2009-10, 2010-11 | എൽ.എഫ്.പി22/955/14 /15.12.14 | മുഴുവൻ | ഫർദർ റിപ്പോർട്ട് |
| 2011-12 | എൽ.എഫ്.പി22/1084/15 /14.7.15 | മുഴുവൻ | ഫർദർ റിപ്പോർട്ട് |
| 2012-13 | നം.എൽ.എഫ്.പി22/639 /2015/11-8-15 | മുഴുവൻ | ഫർദർ റിപ്പോർട്ട് |
| 2013-14 & 2014-15 | നം.കെ.എസ്.എ.പി.കെ.ഡി22/1430 /16/9-8-16 | മുഴുവൻ | |
| 2015-16 | കെ. എസ്.എ.പി.കെ.ഡി-24/226 /2017/28-1-2017 | മുഴുവൻ | ഓഡിറ്റ് റിപ്പോർട്ട് |
| 2016-17 | കെ. എസ്.എ.പി.കെ.ഡി-24/1983/2017 തീയ്യതി. 13-10-2017 | മുഴുവൻ | ഓഡിറ്റ് റിപ്പോർട്ട് |
| 2017-18 | കെ. എസ്.എ.പി.കെ.ഡി-24/886/2019 തീയ്യതി. 22-8-2019 | -20- | ഓഡിറ്റ് റിപ്പോർട്ട് |
| 2018-19 | കെ.എസ്.എ.പി.കെ.ഡി-9/ 112/21 16-4-2021 | 20 | |
| 2019-20 | കെ.എസ്.എ.പി.കെ.ഡി-9/1252 /22/22.07.2022 | | |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടിലെ ഖണ്ഡികകളിന്മേൽ തുടർ നടപടികൾ സ്വീകരിച്ച് തീർപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ ഷോളയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ ഷോളയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## വാർഷിക കണക്ക് സംക്ഷിപ്തം

| INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 3378093.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 62424.00 |
| 140000000 | Fee & User Charges | I-4(b) | 2511558.00 |
| 150000000 | Sale & Hire Charges | I-5(b) | 83278.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 300851286.00 |
| 171000000 | Interest Earned | I-8 | 667037.00 |
| 180000000 | Other Income | I-9 | 38026.00 |
| | Total Income | | 307591702.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 14952143.00 |
| 220000000 | Administrative Expenses | I-11(b) | 1883487.00 |
| 230000000 | Operations & Maintenance | I-12(b) | 4454059.00 |
| 240000000 | Interest & Finance Charges | I-13 | 8933.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 16921531.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 217666467.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 6523874.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 2389653.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 44155229.00 |
| 255000000 | Maintenance Projects | I-14(e) | 6946877.00 |
| 270000000 | Provisions and Write off | I-16 | -54305.00 |
| 272000000 | Depreciation | I-17(a) | 10924189.00 |
| | Total Expenditure | | 326772137.00 |
| | Gross Surplus / Deficit of income over Expenditure | | -19180435.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | 40967.00 |
| | Net difference (Prior period Income - Prior period Expenditure) | | -19221402.00 |

| | | | |
|---|---|---|---|
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

RECEIPT & PAYMENT STATEMENT

| RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 24105831.72 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1166314.00 |
| 130000000 | Rental income from Panchayat Properties | RP-3 | 49500.00 |
| 140000000 | Fees & User Charges | RP-4 | 2309514.00 |
| 150000000 | Sale & Hire Charges | RP-5 | 83278.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 102098338.00 |
| 171000000 | Interest Earned | RP-9 | 667037.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 33014029.00 |
| 350000000 | Other Liabilities | RP-36 | 681638.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 1720.00 |
| 340000000 | Deposits Received | RP-34 | 458237.00 |
| 341000000 | Deposit Works | RP-35 | 0.0 |
| 350000000 | Other Liabilities | RP-36 | 604277.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 10338610.00 |
| 460000000 | Loans, Advances and Deposits | RP-47 | 523000.00 |
| | Grand total | | 176101323.72 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 6400361.00 |
| 220000000 | Administrative Expenses | RP-12 | 1837089.00 |
| 230000000 | Operations & Maintenance | RP-13 | 4454059.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 11535112.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 59044849.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2854198.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 2217460.00 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 77629.00 |

| | | | |
|---|---|---|---|
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 6946877.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-26 | -1000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 2267722.00 |
| 350000000 | Other Liabilities | RP-36 | 19510611.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 8933.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-26 | -1200.00 |
| 340000000 | Deposits Received | RP-34 | 297829.00 |
| 350000000 | Other Liabilities | RP-36 | 2602572.00 |
| 410000000 | Fixed Assets | RP-38 | 7943590.00 |
| 412000000 | Capital work in Progress | RP-40 | 12369844.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 442508.00 |
| 460000000 | Loans, Advances and Deposits | RP-47 | 2032995.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 33048540.72 |
| Cash | Cash | RP-40(b) | 210745.00 |
| | Grand Total | | 176101323.72 |

BALANCE SHEET

| BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -33082993.28 |
| 312000000 | Reserves | B-3 | 132021297.00 |
| | Total Reserve & Surplus | | 98938303.72 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 31297877.00 |
| | Total Grants, Contributions for Specific Purposes | | 31297877.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 19919202.00 |
| | Total Loans | | 19919202.00 |

| | | | |
|---|---|---|---|
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1928754.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 3089643.00 |
| | Total Current Liabilities and Provisions | | 5018397.00 |
| | TOTAL LIABILITIES | | 155173779.72 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 139961478.00 |
| 411000000 | Accumulated Depreciation | B-11 | -49708165.00 |
| 412000000 | Capital Work in Progress | B-11(a) | 7210413.00 |
| | Total Fixed Assets | | 97463726.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 2595658.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 19919202.00 |
| 450000000 | Cash and Bank Balance | B-17 | 33259285.72 |
| 460000000 | Loans, Advances and Deposits | B-18 | 1935908.00 |
| | Total Current Assets, Loans and Advances | | 57710053.72 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 155173779.72 |

DEPUTY DIRECTOR